"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ജോയിന്റ് ഡയറക്ടർ ശ്രീ. വിനോദ് കുമാർ കെ.-യെ അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിപ്പിച്ച് കൊട്ടാരക്കര, കില, സി.എച്ച്.ആർ.ഡി ഡയറക്ടർ തസ്തികയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**997/2026/LSGD** തീയതി,തിരുവനന്തപുരം, **12-05-2026**

---

പരാമർശം:-
1. ജി.ഒ.(പി) നം. **74/2022**/തസ്വഭവ. തീയതി **27.10.2022**
2. സ.ഉ.(സാധാ) നം. **2178/2026/GAD** തീയതി **06/05/2026.**
3. ശ്രീ. വിനോദ് കുമാർ കെ., ജോയിന്റ് ഡയറക്ടർ-ടെ **6.5.2026**-ലെ അപേക്ഷ.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **06.05.2026, 07.05.2026** തിയതികളിലെ **LSGD/PD/8351/2025-DEA1** നമ്പർ കത്തുകൾ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **08.05.2026** ലെ **LSGD/PD/13983/2026-IE1** നമ്പർ നടപടിക്രമം.

**ഉത്തരവ്**

മുൻ തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ആയി അന്യത്ര സേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് (പഞ്ചായത്ത് വിഭാഗം) ജോയിന്റ് ഡയറക്ടർ ശ്രീ. വിനോദ് കുമാർ കെ. യെ പ്രസ്തുത തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. അതിൻ പ്രകാരം മേൽ തസ്തികയിലെ അന്യത്ര സേവനം അവസാനിപ്പിച്ച് മാതൃ വകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനായി പരാമർശം (3) പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുകയും ടിയാനെ, ശ്രീ. ഹരികൃഷ്ണൽ ജി., ജോയിന്റ് ഡയറക്ടർ **06.05.2026** മുതൽ **04.07.2026**-വരെ അവധി അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ജോയിന്റ് ഡയറക്ടർ കേഡറിൽ വരുന്ന ഒഴിവിൽ മാതൃവകുപ്പിൽ പുനപ്രവേശിപ്പിച്ച് കില, സി.എച്ച്.ആർ.ഡി. ഡയറക്ടർ തസ്തികയിൽ നിന്നും ശ്രീ. സുദേശൻ വി. **30.04.2026**-ൽ വിരമിച്ചതു വഴി ഗ്രാമ വികസന വകുപ്പിൽ നിലവിൽ വന്ന ഒഴിവിൽ നിയമിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിരുന്നു.

2) മുൻ പഞ്ചായത്ത് വകുപ്പിലെ ജോയിന്റ് ഡയറക്ടർ ശ്രീ. ഹരികൃഷ്ണൻ ജി. യ്ക്ക് **06.05.2026** മുതൽ **04.07.2026**-വരെ പരിവർത്തിതാവധി അനുവദിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിട്ടുണ്ട്.

3) മേൽ സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, മുൻ തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് പഞ്ചായത്ത് വിഭാഗം ജോയിന്റ് ഡയറക്ടർ ശ്രീ. വിനോദ് കുമാർ കെ.യുടെ പ്രസ്തുത തസ്തികയിലെ അന്യത്ര സേവനം അവസാനിപ്പിച്ച് ടിയാനെ മാതൃ വകുപ്പിൽ പ്രവേശിപ്പിച്ച് പരാമർശം (1) സർക്കാർ ഉത്തരവിനു വിധേയമായി കൊട്ടാരക്കര, കില, സി.എച്ച്.ആർ.ഡി റിജീയണൽ ഡയറക്ടർ തസ്തികയിലെ നിലവിലെ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ശ്രീ. വിനോദ് കുമാർ കെ., ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
*( തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സി.എച്ച്.ആർ.ഡി, കില, കൊട്ടാരക്കര
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, (തിരുവനന്തപുരം/തൃശ്ശൂർ)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ (*ഇപിബി1/101/2026-തസ്വഭവ നമ്പർ ഫയൽ*)

ഉത്തരവിൻ പ്രകാരം
Signed by Riju M Das
Date: 12-05-2026 13:04:37
സെക്ഷൻ ഓഫീസർ